ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ -- --688001

ഫോൺ:0477-2251349;ഇ-മെയിൽ: prdalppy@gmail.com,

വെബ് സൈറ്റ്: www.prd.kerala.gov.in

പത്രക്കുറിപ്പ് 1 “ഭരണഭാഷ-മാതൃഭാഷ” 2019 ഡിസംബർ 27 വെള്ളി

---

**സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി**

**നൈറ്റ് വാക്ക് 29ന്**

ആലപ്പുഴ: സ്ത്രീ ശാക്തീകരണ പരിപാടിയുടെ ഭാഗമായി ഡിസംബർ 29ന് നിർഭയ ദിനത്തില് രാത്രി 11 മുതൽ പുലർച്ചെ ഒന്നു വരെ നൈറ്റ് വാക്ക് അഥവ രാത്രി നടത്തം സംഘടിപ്പിക്കുന്നു. 'പൊതുയിടം എന്റേതും' എന്ന സന്ദേശം എല്ലാവരിലും എത്തിക്കുക എന്നതാണ് ഇതുവഴി ഉദ്ദേശിക്കുന്നത്. ജില്ല വനിതാ ശിശു വികസന ഓഫീസിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി. രാത്രികാലങ്ങളിൽ പുറത്തു ഇറങ്ങി നടക്കുന്നതിൽ സ്ത്രീകൾക്ക് മാനസികമായ പ്രയാസങ്ങളും അകാരണമായ പേടിയുമുള്ള അവസ്ഥയാണ് നിലനിൽക്കുന്നത്. അതിൽ നിന്നും അവരെ മാറ്റിയെടുക്കുക എന്നതും രാത്രികാലങ്ങളിൽ അവരെ ശല്യപ്പെടുത്താനായി മുന്നോട്ട് വരുന്ന സാമൂഹ്യ വിരുദ്ധരുടെ സാഹചര്യം ഒഴിവാക്കുക എന്നതും നൈറ്റ് വാക്ക് ലക്ഷ്യമിടുന്നു. അപകട സാഹചര്യങ്ങളിൽ വിവരങ്ങള് അപ്പോൾ തന്നെ പൊലീസിന് കൊടുക്കകയും അവർക്കതിരെ കേസെടുത്തു കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നതിന് സമൂഹത്തെ ബോധവത്കരിക്കുക എന്നതും ലക്ഷ്യമിടുന്നു.

ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട ആറ് മുൻസിപ്പല് നഗരങ്ങളില് ചേർത്തല, ആലപ്പുഴ, ഹരിപ്പാട്, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ എന്നിവിടങ്ങളിലാണ് നൈറ്റ് വാക്ക് നടക്കുക. രാത്രികാല നടത്തം ഡിസംബർ 29ന് ശേഷം വനിത ദിനമായ മാർച്ച് എട്ടുവരെ ജില്ലയിലെ മറ്റു പല ഭാഗങ്ങളിലും അറിയിക്കാതെ ആഴ്ച തോറും സംഘടിപ്പിക്കും.

ആലപ്പുഴയിൽ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് മുതല് ജില്ല കോടതിപ്പാലം, വൈ.എം.സി.എ പാലം വഴി (തെക്കേക്കര) വൈ.എം.സി.എ പാലം പടിഞ്ഞാറ് പ്രൈവറ്റ് ബസ് സ്റ്റാൻഡ് വരെയും കളക്ടറേറ്റ് ജങ്ഷൻ, ആലപ്പുഴ മുതൽ ശവക്കോട്ടപാലം, വഴിച്ചേരി പാലം (തെക്കേക്കര) വഴി പ്രൈവറ്റ് ബസ് സ്റ്റാൻഡ് വരെയും ആലപ്പുഴ ജനറൽ ഹോസ്പിറ്റല് ജങ്ഷന് മുതല് ഇരുമ്പ് പാലം, വൈ.എം.സി.എ ജങ്ഷൻ വഴി പ്രൈവറ്റ് ബസ് സ്റ്റാൻഡ് വരെയും ജില്ല കോടതി മുതല് ജില്ല കോടതി വടക്കേ കര വഴി പ്രൈവറ്റ് ബസ് സ്റ്റാൻഡ് വരെയുമാണ് നൈറ്റ് വാക്ക്.

ചേർത്തലയില് ചേർത്തല പൊലീസ് സ്റ്റേഷന് മുതല് ഫയർസ്റ്റേഷന് റോഡ് വഴി ഹോസ്പിറ്റൽ ജങ്ഷന് വഴി കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് വരെയും കോടതി കവല മുതൽ കിഴക്കോട്ട് വന്ന് മഞ്ഞള് സൂപ്പര് മാർക്കറ്റ് ജങ്ഷൻ വഴി ചേർത്തല കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് വരെയും ചേർത്തല എക്സ് റേ ജങ്ഷന് മുതല് ചേർത്തല കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് വരെയും പൈവറ്റ് ബസ് സ്റ്റാൻഡ് മുതല് കെ.എൻ.ജി വഴി അമ്പലം വന്ന് വടക്കോട്ട് വന്ന്, ചിത്രാഞ്ജലി വന്ന് ചേർത്തല കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് വരെയും നടക്കും. ഹരിപ്പാട് ഹരിപ്പാട് അമ്പലം മുതൽ തെക്കേനട, ഹൈവേ വന്ന് എം.ലാൽ സിനി ഫ്ളക്സ് തീയറ്റർ വരെയും കച്ചേരി ജങ്ഷന് മുതല് ടൗണ് ഹാള്, മാധവ ജങ്ഷൻ വഴി എം.ലാൽ സിനി ഫ്ളക്സ് തീയറ്റര് വരെയും ഹരിപ്പാട് കെ.എസ്.ആർ.ടി.സി ബസ്സ്റ്റാൻഡ് മുതല് ഹൈവേ വഴി എം.ലാൽ സിനി ഫ്ളക്സ് തീയറ്റർ വരെയും എഴിക്കകത്ത് ജങ്ഷന് മുതല് ജനറല് ഹോസ്പിറ്റൽ വഴി എം.ലാൽ സിനി ഫ്ളക്സ് തീയറ്റര് വരെയും നടക്കും.

കായംകുളത്ത് എം.എസ്.എം കോളജ് ഹൈവേ വഴി കായംകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് വരെയും കായംകുളം പൊലീസ് സ്റ്റേഷന് മുതൽ ഹൈസ്കൂള് ജങ്ഷന് വഴി കായംകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് വരെയും കായംകുളം കായല് (മത്സ്യ കന്യക) മുതൽ ടൗണ് ഹാള് വഴി കായംകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് വരെയും കായംകുളം പ്രൈവറ്റ് ബസ് സ്റ്റാൻഡ് മുതല് കോടതി വഴി കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് വരെയും നടക്കും.

മാവേലിക്കരയിൽ മാവേലിക്കര ബിഷപ്പ് ഹോഡ്ജസ് ഹൈസ്കൂള് ജങ്ഷന് മുതൽ മാവേലിക്കര പ്രൈവറ്റ് ബസ് സ്റ്റാൻഡ് വരെയും മാവേലിക്കര പുഷ്പ (പൂക്കട) ജങ്ഷൻ മുതല് മാവേലിക്കര പ്രൈവറ്റ് ബസ് സ്റ്റാൻഡ് വരെയും പുതിയകാവ് ജങ്ഷൻ മുതല് മാവേലിക്കര പ്രൈവറ്റ് ബസ്

സ്റ്റാൻഡ് വരെയും ബുദ്ധ ജങ്ഷന് മുതല് മിച്ചല് ജങ്ഷന് വഴി മാവേലിക്കര പ്രൈവറ്റ് ബസ് സ്റ്റാൻഡ് വരെയും നടക്കും. ചെങ്ങന്നൂരിൽ ചെങ്ങന്നൂര് ആൽത്തറ ജങ്ഷന് മുതല് ചെങ്ങന്നൂര് കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് വരെയും ഐ.ടി.ഐ ജങ്ഷൻ മുതല് ചെങ്ങന്നൂര് കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് വരെയും ചെങ്ങന്നൂര് പ്രൈവറ്റ് ബസ് സ്റ്റാൻഡ് മുതല് ചെങ്ങന്നൂര് കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് വരെയും നൈറ്റ് വാക്ക് നടക്കും.

**വെളിയനാട് ബ്ലോക്കിൽ**

**ലൈഫ് കുടുംബ സംഗമം ജനുവരി 9ന്**

ആലപ്പുഴ :വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ലൈഫ് മിഷൻ കുടുംബങ്ങളുടെ കുടുംബ സംഗമം ജനുവരി ഒൻപതിന് കെ വി എസ് ഹാളിൽ നടക്കും. കുടുംബ സംഗമത്തിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി സ്വാഗത സംഘം രൂപീകരിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലൈല രാജു ചെയർമാനും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബി രാധാകൃഷ്ണപിള്ള കൺവീനറുമായുള്ള സ്വാഗത സംഘമാണ് രൂപീകരിച്ചത്. പഞ്ചായത്ത് മെമ്പർമാർ അംഗങ്ങളായുള്ള വിവിധ സബ്കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ലൈഫ്മിഷൻ വഴി 2 ലക്ഷം വീടുകൾ നിർമ്മാണം പൂർത്തീകരിച്ചതിന്റെ സംസ്ഥാന തല പ്രഖ്യാപനം 2020 ജനുവരി 26 മുഖ്യമന്ത്രി തിരുവനന്തപുരത്ത് നടത്തും .ഇതിന്റെ മുന്നോടിയായിട്ടാണ് ജനുവരി 15 നകം ബ്ലോക്ക് പഞ്ചായത്ത്തല ലൈഫ് കുടുംബ സംഗമം നടത്താൻ സർക്കാർ തീരുമാനിച്ചത്. ബ്ലോക്കിന് കീഴിൽ 352 ലൈഫ് ഗുണഭോക്താക്കളാണ് ഉള്ളത്. ജനുവരി ഒൻപതിന് നടക്കുന്ന സംഗമത്തിൽ ലൈഫ് അംഗങ്ങൾക്കായി അദാലത്തും സംഘടിപ്പിച്ചിട്ടുണ്ട്. നിർമാണം പൂർത്തിയായിക്കൊണ്ടിരിക്കുന്ന വീടുകൾക്കു കുറഞ്ഞ നിരക്കിൽ വിവിധ സാധന സാമഗ്രികൾ നൽകുന്നതുൾപ്പടെ ഇരുപതോളം സേവനങ്ങൾ ഉപഭോക്തക്കൾക്കു അദാലത്തിലൂടെ ലഭിക്കും.

ബ്ലോക്ക് പഞ്ചായത്തിൽ നടന്ന സ്വാഗത സംഘം രൂപീകരണ യോഗം പ്രസിഡന്റ് ലൈല രാജു അധ്യക്ഷത വഹിച്ചു. യോഗത്തിൽ വിവിധ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ വകുപ്പ് നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**തദ്ദേശ സ്ഥാപനങ്ങളുടെ മന്ത്രി തല പദ്ധതി അവലോകനം 6ന്**

ആലപ്പുഴ: എറണാകുളം, ആലപ്പുഴ ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 പദ്ധതി അവലോകന യോഗം ജനുവരി ആറിന് രാവിലെ 10.30ന് നടക്കും. തൃക്കാക്കര നഗരസഭാ കമ്മ്യൂണിറ്റി ഹാളിൽ നടക്കുന്ന അവലോകന യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ അധ്യക്ഷത വഹിക്കും. ജില്ല കളക്ടർ, ജില്ല പഞ്ചായത്ത് പ്രസിഡന്റ്, ജില്ല അസൂത്രണ സമിതി അംഗങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർ, സെക്രട്ടറിമാർ, ജില്ലാതല ഉദ്യോഗസ്ഥർ, മിഷൻ കോ-ഓർഡിനേറ്റർമാര് എന്നിവര് യോഗത്തില് പങ്കെടുക്കും.

**ജില്ല വികസന സമിതി യോഗം ഇന്ന്**

ആലപ്പുഴ: ജില്ലയിലെ വികസന, പദ്ധതി പ്രവർത്തനങ്ങള് അവലോകനം ചെയ്യുന്നതിനുള്ള ഈ മാസത്തെ ജില്ലാവികസനസമിതിയോഗം ജില്ലാ ആസൂത്രണസമിതികോൺഫറൻസ്
ഹാളിൽ ഇന്ന് (ഡിസംബർ 28ന് ) രാവിലെ 11ന്
ചേരും. മുന്നൊരുക്കയോഗം അന്നേദിവസം 10.30നാണ്. വിവിധ വകുപ്പുകൾ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര, സംസ്ഥാന പദ്ധതികളുടെ സ്കീം തിരിച്ചുള്ള നവംബര് 30 വരെയുള്ള പുരോഗതി പ്ലാൻസ്പേസില് കൃത്യമായി സമർപ്പിക്കണം.

**ലൈഫ് ജില്ല തല സംഗമം; ആലോചനാ യോഗം 31ന്**

ആലപ്പുഴ: ലൈഫ് മിഷൻ വഴി ജില്ലയിൽ 14000 വീടുകളാണ് ജനുവരിയിൽ പൂർത്തിയാക്കുന്നു. ഇതിന്റെ ഭാഗമായി ലൈഫ് ജില്ലാതല
സംഗമവും, പൂർത്തീകരണ പ്രഖ്യാപനവും നടത്തുന്നതിനെ കുറിച്ച് ആലോചിക്കുന്നതിനും, ബ്ലോക്ക് മുനിസിപ്പൽതല കുടുംബസംഗമങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനുമായി യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഡിസംബർ 31 ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഹാളിൽ ചേരും. യോഗത്തിൽ ജില്ലാ കളക്ടർ പങ്കെടുക്കും.

**ഉപഭോക്തൃബോധവത്കരണ റാലി 30ന്**

ആലപ്പുഴ: ദേശീയ ഉപഭോക്തൃ ദിനത്തോടനുബന്ധിച്ച് ഉപഭോക്തൃബോധവത്കരണ റാലി ആലപ്പുഴ സിവിൽ സ്റ്റേഷനില് ഡിസംബർ 30ന് ഉച്ചകഴിഞ്ഞ് മൂന്നിന് ധനകാര്യ വകുപ്പ് മന്ത്രി തോമസ് ഐസക്കും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി പി. തിലോത്തമനും ഫ്ളാഗ് ഓഫ് ചെയ്യും. അന്നേ ദിവസം ദേശീയ ഉപഭോക്തൃദിനത്തോടനുബന്ധിച്ച് ജില്ലയിലെ മുതിർന്ന ഉപഭോക്താക്കളെ ആദരിക്കുന്നു.

**മരങ്ങൾ ലേലം ചെയ്യുന്നു**

ആലപ്പുഴ:കാർത്തികപ്പള്ളി താലൂക്കില് കൃഷ്ണപുരം വില്ലേജില് റീസർവ്വെ 203/23ൽപ്പെട്ട 60.90 ആർസ് തോട് പുറമ്പോക്ക് അതിർത്തിയില് നിന്നിരുന്ന ആഞ്ഞിലി മരത്തിന്റെ തടി കഷണങ്ങള് ജനുവരി ഏഴിന് രാവിലെ 11ന് കൃഷ്ണപുരം വില്ലേജാഫീസിൽ ലേലം ചെയ്യും. വിശദവിവരത്തിന് ഫോൺ: 04792412797.

**മരങ്ങൾ ലേലം ചെയ്യുന്നു**

ആലപ്പുഴ:കാർത്തികപ്പള്ളി താലൂക്കില് ചെറുതന വില്ലേജില് പീലിവാക ഇനത്തിൽപ്പെട്ട മൂന്നു മരക്കഷണങ്ങള് ജനുവരി എട്ടിന് രാവിലെ 11ന് ചെറുതന വില്ലേജാഫീസിൽ ലേലം ചെയ്യും. വിശദവിവരത്തിന് ഫോൺ: 04792412797.

**ക്വട്ടേഷൻ ക്ഷണിച്ചു**

ആലപ്പുഴ: ആലപ്പുഴ വണ്ടാനം മെഡിക്കല്‍ കോളജിലെ ലൈബ്രറി വിഭാഗത്തിലേക്ക് ആവശ്യമായ ലൈബ്രറി ബുക്കുകള്‍ വാങ്ങുന്നതിന് ക്വട്ടേഷന്‍ ക്ഷണിച്ചു. ക്വട്ടേഷന്‍ ജനുവരി ഒമ്പത് ഉച്ചയ്ക്ക് ഒന്നു വരെ പ്രിന്‍സിപ്പല് ഗവ.റ്റി.ഡി മെഡിക്കല്‍ കോളജ് ആലപ്പുഴ-688005 എന്ന വിലാസത്തില്‍ ലഭിക്കണം. അന്നേ ദിവസം 2ന് തുറക്കും. ഫോണ്‍: 0477 2282015.